# PROCEEDINGS
# of
# THE TRAVANCORE LEGISLATIVE ASSEMBLY.

## FIRST ASSEMBLY.

## THIRD SESSION.

*Thursday, 9th December 1948/24th Vrischigom 1124.*

## *OFFICIAL REPORT.*

The House re-assembled in the Legislative Chamber at eleven of the clock on Thursday the, 9th December 1948/24th Vrichigom 1124 with the President (the Hon'ble Mr. R. V. Thomas) in the Chair.

## QUESTIONS AND ANSWERS ORAL ANSWERS

MR. PAUL THALIAT (*Parur III—General*). Sir, on a point of order. ഇന്ന മറുപടിപറയാൻ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ, ൻ @–ം, ഫ ഫഠ–ം നമ്പർ ചോദ്യങ്ങളും ഒരേ സംഗതിയെക്കുറിച്ചുള്ളതാണ്. ഇങ്ങനെ ഒരേസംഗതിയെ സംബന്ധിച്ചു രണ്ടുചോദ്യങ്ങളും ചോദിച്ചു ഓരോന്നിനും പ്രത്യേകം പ്രത്യേകം മറുപടി പറയുന്നതു് ആവശ്യമില്ലാതെ സമയനഷ്ടം വരുത്തുമെന്നുള്ളതിനാൽ അങ്ങനെ ചോദ്യങ്ങളും ചോദിക്കാതിരിക്കുവാൻ ഒരു റൂളിംഗ് ഉണ്ടായിരിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

MR. PRESIDENT: What are the numbers of the questions?

MR. PAUL THALIAT: Questions Nos. 95 and 112.

MR. PRESIDENT: We will consider that when we come to those questions.

### ഇൻഡ്യാഗവണ്മെൻറു് ശമ്പളപരിഷ്ക്കാര കമ്മീഷന്റെ റിപ്പോർട്ടു്.

* 34. MR. WILSON PETER (*Shertalai III—Latin Catholic*): താഴെകാണുന്ന ചോദ്യത്തിനു് ധനകാര്യവകുപ്പിന്റെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടിപറയുമോ?

ഇൻഡ്യാഗവണ്മെൻറു നിയമിച്ച ശമ്പളപരിഷ്ക്കാരകമ്മിഷൻ അതിന്റെ റിപ്പോർട്ടു സമർപ്പിച്ചിട്ടുള്ളതു് ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?



LIBRARY ARCHIVES Kerala Legislative Assembly

HONB'LE MR. A. J. JOHN : ഇൻഡ്യാഗവണ്മെൻറു നിയമിച്ച ശമ്പളപരിഷ്ക്കാരകമ്മിഷൻ റിപ്പോർട്ട സമർപ്പിച്ചിട്ടുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

MR. WILSON PETER : ആ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഇവിടെ ശമ്പളപരിഷ്ക്കാരം വരുത്തുവാൻ ഗവണ്മെൻറു തയാറാണോ?

HON'BLE MR. A. J. JOHN : ഇവിടെ ഒരു പേ കമ്മിഷനെ നിയമിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ട വന്നതിനശേഷം ഗവണ്മെൻറു ആലോചിച്ചു പ്രവർത്തിക്കുന്നതായിരിക്കും.

MR. WILSON PETER : പല കാര്യങ്ങളിലും ഈ ഗവണ്മെൻറു ഇൻഡ്യാഗവണ്മെൻറിനെ അനുകരിച്ചു പ്രവർത്തിക്കുമ്പോൾ ഈ കാര്യത്തിൽ മാത്രം അനുകരിക്കുവാൻ വൈമുഖ്യം പ്രദർശിപ്പിക്കുന്നതു എന്തുകൊണ്ടാണെന്നു പറയുവാൻ ദയവുണ്ടാകുമോ ?

HON'BLE MR. A. J. JOHN : ഇവിടുത്തെ ധനസ്ഥിതിക്കൂടി ഈ കാര്യത്തിൽ നോക്കേണ്ടതുണ്ട്. ധനസ്ഥിതി അനുവദിക്കാത്തപക്ഷം ഇൻഡ്യാഗവണ്മെൻറിൻെറ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കുവാൻ സാധ്യമല്ലാതെ വന്നേക്കും.

MR. WILSON PETER : വളരെ അത്യാവശ്യവും പ്രാധാന്യവുമുള്ള ഈ കാര്യത്തിൽ ഇൻഡ്യാഗവണ്മെൻറിൻെറ റിപ്പോർട്ടിനെ അനുകരിക്കുന്നതു രാജ്യത്തിൻെറ ഉത്തമതാല്പര്യത്തിനു് അത്യന്താപേക്ഷിതമാണെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ ?

HON'BLE MR. A. J. JOHN : രാജ്യത്തിൻെറ താൽപ്പര്യത്തിനു ഹാനിതട്ടാത്തവിധത്തിലുള്ള ഒരു റിപ്പോർട്ടായിരിക്കും ഇവിടുത്തെ പേ കമ്മീഷൻ സമർപ്പിക്കുന്ന റിപ്പോർട്ട്. ആ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഗവണ്മെൻറു പ്രവർത്തിക്കുന്നതാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. ഈ രാജ്യത്തെ പരിതഃസ്ഥിതിയും ധനസ്ഥിതിയും കൂടി പരിഗണിച്ചു മാത്രമെ ഈ കാര്യത്തിൽ ഒരു തീരുമാനം ചെയ്യുവാൻ ഗവണ്മെൻറിനു സാധിക്കുകയുള്ളൂ.

MR. P. S. MOHAMMED (*Moovattupuzha I—Muslim*) : ഇൻഡ്യാഗവണ്മെൻറിൻെറ ഉദ്യോഗസ്ഥന്മാർക്കും ഇവിടുത്തെ ഉദ്യോഗസ്ഥന്മാർക്കും തമ്മിൽ നിലവിലുള്ള ശമ്പളത്തിനുതന്നെ വ്യത്യാസമുണ്ടല്ലേ ?

HON'BLE MR. A. J. JOHN : ഉണ്ട്.

MR. A. K. PATCHU PILLAI (*Peermade—General*) : ഇൻഡ്യാ ശമ്പളപരിഷ്ക്കരണ കമ്മിഷൻ റിപ്പോർട്ടിൻെറ ഓരോ പ്രതി ഇവി

LIBRARY ARCHIVES Kerala Legislative Assembly

ടുത്തെ മെംബറന്മാക്ക് വിതരണംചെയ്യുവാൻ ഗവണ്മെൻറിനു സാദ്ധ്യമാകുമോ ?

HON'BLE MR. A. J. JOHN : അതേപ്പറ്റി ആലോചിക്കാം.

## ഫാക്ടർ കച്ചേരി റിക്കാർഡുകൾ.

* 35. MR. RAPHAEL J. RODRIGUEZ (*Quilon IV—Latin Catholic*). താഴെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഫാക്ടറി-ൽ, ഗവണ്മെൻറുപ്രസ്സു ആക്ടിംഗ് സൂപ്രണ്ടിനെ നിയമിച്ചതു സംബന്ധിച്ചുള്ള ഫയലുകൾ മറ്റു റിക്കാഡുകളും ഫാക്ടറിഓഫീസിൽ കാണാനില്ലെന്നു കേൾക്കുന്നതു വാസ്തവമാണോ ?

(ബി) അതു വാസ്തവമാണെങ്കിൽ അതിൻെറ ഉത്തരവാദിത്വം ആർക്കാണു ?

(സി) അതിന്മേൽ എന്തു നടപടി എടുത്തിട്ടുണ്ട് ?

HON'BLE MR. T. K. NARAYANA PILLAI:

(a) The file relating to the appointment of Mr. T. K. Narayanan Nair as Assistant Superintendent, Government Press, is reported to be not forthcoming at present.

(b) The responsibility is with the Department that has dealt with the file.

(c) A thorough search has already been made in the offices concerned. Further enquiries are being made at present.

MR. T. A. ABDULLA (*Ambalapuzha I—Muslim*) : സെക്രട്ടറിയേറ്റു ഫയൽ സൂക്ഷിക്കുന്നതിനു വല്ല രജിസ്റ്ററും സൂക്ഷിക്കുന്നുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : ഉണ്ട്.

MR. G. CHANDRASEKHARA PILLAI (*Neyyattinkara II—General*) : എത്ര നാളായി ഈ ഫയൽ കാണാതെ ആയിട്ട് ?

HON'BLE MR. T. K. NARAYANA PILLAI : സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല. അന്വേഷിച്ചു പറയാം. ആ ഫയൽ നഷ്ടപ്പെട്ടുപോയി എന്നു ഖണ്ഡിതമായി പറയാൻ നിവർത്തിയില്ല. ഇതുവരെ കണ്ടിട്ടില്ല എന്നേ ഇപ്പോൾ പറയാൻ തരമുള്ളൂ.

MR. ABDUL AZIZ (*Trivandrum I—Muslim*) : ഇതുപോലെ മറ്റെങ്കിലും ഫയലുകൾ കാണാതെ പോയിട്ടുള്ളതായി ഗവണ്മെൻറു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly